**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 218** **23-01-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളിലെ സെക്യൂരിറ്റി ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ മെഡിക്കൽ കോളേജുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് നിലവിൽ അവലംബിച്ചിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; ക്രിമിനൽ പശ്ചാത്തലം ഉള്ളവർ ഇത്തരം ജോലികൾക്കായി നിയോഗിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പി എസ് സി മുഖേന സർജന്റ് തസ്തികയും അതിന് താഴെയുള്ള സെക്യൂരിറ്റി ജീവനക്കാരെ താത്ക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നിയമിച്ചിരുന്നു. എന്നാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ എക്സ് സർവ്വീസ്മെൻമാരുടെ സംഘടനയായ കെക്സ്കോൺ മുഖാന്തിരമാണ് നിയമനം നടത്തുന്നത്. കെക്സ്കോൺ വഴി സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനാൽ ക്രിമിനൽ പശ്ചാത്തലമുള്ളവർ സെക്യൂരിറ്റി ജോലികൾക്കായി നിയോഗിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ സാധിക്കും.** |
| (ബി) | സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാർ രോഗികളെ ആക്രമിച്ചത് സംബന്ധിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2024 മെയ് 26 - ന് അപസ്മാര രോഗിയെ ചീഫ് സെക്യൂരിറ്റി ഓഫീസറുടെ സാന്നിധ്യത്തിൽ മർദ്ദിച്ചിരുന്നു. ഈ സംഭവത്തിൽ പ്രിൻസിപ്പാൾ തലത്തിൽ അന്വേഷണം നടത്തി അരോപണ വിധേയനായ സർജൻറിനെ സസ്പെൻഡ് ചെയ്തിരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ വനിത സെക്യൂരിറ്റി ജീവനക്കാരിൽ നിന്നും മർദ്ദനമുണ്ടായെന്നാരോപിച്ച് ബഹു. മനുഷ്യാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ ബഹു. കമ്മീഷൻ മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ആശുപത്രികളിൽ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും രോഗികളുടെ സുരക്ഷ ഉറച്ചു വരുത്തുന്നതിനായി സിംഗിൾ എൻട്രി എക്സിറ്റ് സിസ്റ്റം നടപ്പിലാക്കുകയും ആശുപത്രിക്ക് ഉള്ളിലും പുറത്തും സി സി ടി വി ക്യാമറ സ്ഥാപിച്ച് ആശുപത്രിയും പരിസരവും തുടർച്ചയായി നിരീക്ഷിക്കുകയും ആശുപത്രിയ്ക്കുള്ളിലും പുറത്തും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ച് സുരക്ഷ ഉറപ്പാക്കുകയും ഇവ നിരീക്ഷിക്കുന്നതിന് സാർജന്റ്മാർക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ പോലീസിലെ ഔട്ട് പോസ്റ്റ് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിച്ച് സുരക്ഷ ഉറപ്പാക്കുന്നുണ്ട്. രാത്രി കാലങ്ങളിൽ ഇതോടൊപ്പം പോലീസിന്റേയും സുരക്ഷ ജീവനക്കാരുടെയും പെട്രോളിംഗും നടന്നു വരുന്നു. തടസ്സമില്ലാത്ത വാഹന ഗതാഗതത്തിനും വാഹന പാർക്കിംഗ് ക്രമീകരിക്കുന്നതിനും ട്രാഫിക് വാർഡൻമാരെ നിയോഗിച്ചിട്ടുണ്ട്. ആശുപത്രി, മെഡിക്കൽ കോളേജ് ക്യാമ്പസ് എന്നിവിടങ്ങളിലെ ഡാർക്ക് സ്പോട്ട് കണ്ടെത്തുന്നതിനായി രാത്രികാല സെക്യൂരിറ്റി പരിശോധനകൾ നടത്തി വരുന്നുണ്ട്. പ്രിൻസിപ്പാൾ, സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ സെക്യൂരിറ്റി ഓഡിറ്റിംഗും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ